പതിമൂന്നാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-16)

## പതിനൊന്നാമത് റിപ്പോർട്ട്

(2015 ഡിസംബർ 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2006-09)യുടെ മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2014-16)

**പതിനൊന്നാമത് റിപ്പോർട്ട്**

(2015 ഡിസംബർ 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി**
**(2006-09)യുടെ മൂന്നാമത് റിപ്പോർട്ടിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

1323/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2014-16)

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ജോസ് തെറ്റയിൽ

അംഗങ്ങൾ :

ശ്രീ. ബാബു എം. പാലിശ്ശേരി

,, പി. കെ. ബഷീർ

,, കെ. ദാസൻ

,, റോഷി അഗസ്റ്റിൻ

,, വി. പി. സജീന്ദ്രൻ

,, വി. ശിവൻകുട്ടി

,, എം. എ. വാഹീദ്

,, എം. പി. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

,, എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-2016)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതി (2006-09)യുടെ മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2015 ഡിസംബർ 8-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

ജോസ് തെറ്റയിൽ,

*അദ്ധ്യക്ഷൻ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

1950-ലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്റ്റിനും 1965-ലെ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചട്ടങ്ങൾക്കും വിധേയമായി 1965 ഏപ്രിൽ 1-നാണ് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ രൂപീകൃതമായത്. സുസംഘടിതവും കാര്യക്ഷമവുമായ റോഡ് ഗതാഗതം കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്ന കോർപ്പറേഷന് നിലവിൽ ആയിരത്തി മുന്നൂറിൽപ്പരം ഷെഡ്യൂളുകളും ആറായിരത്തിൽപ്പരം ബസ്സുകളും ഉണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം സഭയുടെ മേശപ്പുറത്തുവയ്ക്കാൻ ലഭ്യമാക്കുന്നതിൽ ഉളവായ കാലതാമസം വിശദമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകളിലെ മറുപടി തൃപ്തികരമല്ലാത്തതിനാലും സമിതിക്ക് നൽകിയ ഉറപ്പുകൾ പാലിക്കപ്പെടാത്തതിനാലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തിയ, മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2006-09)യുടെ മൂന്നാമത് റിപ്പോർട്ട് 2-12-2008-ന് സഭയിൽ സമർപ്പിക്കുകയും ആയത് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഗതാഗത വകുപ്പിന് അയച്ചുകൊടുക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു :

കെ.എസ്.ആർ.ടി.സി.യുടെ 2012-13 സാമ്പത്തിക വർഷം മുതലുള്ള വാർഷിക റിപ്പോർട്ടുകളും കണക്കുകളും സഭയുടെ മേശപ്പുറത്തുവയ്ക്കാൻ കുടിശ്ശികയായി കാണുന്നു. പ്രസ്തുത റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയുടെ മേശപ്പുറത്തുവയ്ക്കാൻ ലഭ്യമാക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

## സമിതിയുടെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### ശിപാർശ

ഒരു സ്ഥാപനത്തിന്റെ നിലനിൽപ്പിന് അതിന്റെ ഫിനാൻഷ്യൽ അക്കൗണ്ടിംഗ് വിഭാഗങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഡെപ്യൂട്ടേഷനിൽ ഉള്ള ഉദ്യോഗസ്ഥർ മാറിമാറി വരുന്നതിനാൽ ശക്തമായ ഒരു ഭരണ സംവിധാനം ഉണ്ടാകാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആയതിനാൽ ഫിനാൻഷ്യൽ അഡ്വൈസർ, ചീഫ് അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളിൽ ചാർട്ടേഡ് അക്കൗണ്ടൻസി യോഗ്യതയുള്ള ഉദ്യോഗസ്ഥരെ സ്ഥിരമായി നിയമിക്കുന്നതിനുള്ള അടിയന്തര നടപടി ഗവൺമെന്റ് സ്വീകരിക്കണം. കൂടാതെ അതത് മേഖലകളിൽ മതിയായ യോഗ്യതയുള്ള സ്റ്റാഫിനെ നേരിട്ട് നിയമിച്ച് മിഡിൽ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും കോർപ്പറേഷൻ കൂടുതൽ ശ്രദ്ധചെലുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

ശിപാർശയിന്മേൽ കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞപ്പോൾ FA & CAO തസ്തികയിൽ സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പിൽ നിന്നും പരിചയസമ്പന്നരായ ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്ന നിലവിലുള്ള സ്ഥിതി തുടരുന്നതാണ് നല്ലതെന്നും അദ്ദേഹത്തെ ഭരണകാര്യങ്ങളിൽ സഹായിക്കാനായി ചാർട്ടേഡ് അക്കൗണ്ടൻസി യോഗ്യതയുള്ള രണ്ടുപേരെ നിയമിക്കാവുന്നതാണെന്നും അഭിപ്രായപ്പെടുകയുണ്ടായി. തുടർന്ന് ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഒരു തസ്തിക സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുകയുണ്ടായി. ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഒരു തസ്തിക സൃഷ്ടിക്കുന്നതിനും അതിൽ നിയമനം നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

കെ.എസ്.ആർ.ടി.സി.യുടെ ഇന്റേണൽ ഓഡിറ്റ് വിംഗ് 3 കൊല്ലമായി പ്രവർത്തനരഹിതമായതിനാൽ അക്കൗണ്ട്സ് ഓഡിറ്റ് ചെയ്യുന്നതിന് കാലതാമസം നേരിട്ടതായി സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഈ സ്ഥാപനത്തിന്റെ 2002-03-ലെ ഓഡിറ്റ് റിപ്പോർട്ട് 14-1-2005-നും 2003-04-ലെ ഓഡിറ്റ് റിപ്പോർട്ട് 18-10-2006-നുമാണ് ബോർഡിന്റെ അംഗീകാരത്തിനായി വയ്ക്കാൻ കഴിഞ്ഞത്. അവശ്യംവേണ്ട സ്റ്റാഫ് ഇല്ലാത്തതിനാൽ ഓഡിറ്റിംഗ് ഫലപ്രദമായി നടത്താൻ കഴിഞ്ഞില്ല എന്നുള്ളത് ഒരു കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം തികഞ്ഞ അലംഭാവമാണ്. ഈ കോർപ്പറേഷനിൽ 2003 മുതൽ 2006 വരെയുള്ള കാലയളവിൽ ഇന്റേണൽ ഓഡിറ്റ് വിംഗ് ഉണ്ടാകാത്തതിനുള്ള കാരണം ഗവൺമെന്റ് അന്വേഷിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളിൽ വാർഷിക കണക്കുകൾ യഥാസമയം പൂർത്തിയായാൽ മാത്രമേ എ.ജി.ക്ക് ഓഡിറ്റിന് നൽകാൻ സാധിക്കുകയുള്ളൂ. കണക്കുകൾ തയ്യാറാക്കാൻ ഒരു പ്രത്യേക സംവിധാനം കെ.എസ്.ആർ.ടി.സി.ക്ക് ഇല്ലായെന്നുള്ളത് ഈ സ്ഥാപനത്തിന്റെ അലംഭാവം എടുത്തുകാണിക്കുന്നതായി സമിതി വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച കോർപ്പറേഷന്റെ ഭാഗത്തുനിന്ന് ഉണ്ടാകാൻ പാടുള്ളതല്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ അതീവ ശ്രദ്ധചെലുത്തി വേണ്ട നടപടികൾ സത്വരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

2003 ഏപ്രിൽ മുതൽ 2006 ഡിസംബർ വരെ ഇന്റേണൽ ഓഡിറ്റ് സിസ്റ്റം പ്രവർത്തനരഹിതമായിരുന്നു. മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ കുറവ് കാരണം ഓഡിറ്റ് സ്റ്റാഫിനെ മറ്റു സെക്ഷൻ ജോലികൾക്കായി നിയോഗിച്ചതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. വീണ്ടും ഇന്റേണൽ ഓഡിറ്റ് നിലവിൽ വന്നത് 2007 ജനുവരിയിലാണ്. ആശ്രിത നിയമനത്താലും എംപ്ലോയ്മെന്റ് വഴിയുള്ള നിയമനത്താലും ഏറെക്കുറെ ആവശ്യത്തിനുള്ള സ്റ്റാഫിനെ ലഭ്യമായതോടുകൂടി ഇന്റേണൽ ഓഡിറ്റ് വിംഗ്, ഒരു സൂപ്രണ്ടും 3 അസിസ്റ്റന്റുമാരുമടങ്ങുന്ന 5 പാർട്ടികളും (യൂണിറ്റുകളും വർക്ക്ഷോപ്പുകളും ഓഡിറ്റ് ചെയ്യുന്നതിനായി) ചീഫ് ഓഫീസിൽ ഒരു ഡെപ്യൂട്ടി സി.എ.ഒ., ഒരു സൂപ്രണ്ട്, ഒരു അസിസ്റ്റന്റ്, ഒരു പ്യൂൺ എന്നിവരടങ്ങിയ ഔട്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് (ഒ.എ.ഡി.) സെക്ഷനും 31-3-2008 മുതൽ പ്രവർത്തിക്കുന്നു. എല്ലാ യൂണിറ്റുകളും ഓപ്പറേറ്റിംഗ് സെന്ററുകളും റീജിയണൽ വർക്ക്ഷോപ്പുകളും ചീഫ് ഓഫീസും ഉൾപ്പെടെ 5 മേഖലകളായി തിരിച്ച് ഓരോ പാർട്ടിയും ഓരോ മേഖലയുടെ ചുമതല വഹിക്കുന്നു. ഇപ്പോൾ ഔട്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം വളരെ കാര്യക്ഷമമായിത്തന്നെ നടക്കുന്നുണ്ട്.

2005-06-ലെ വാർഷിക കണക്ക് പൂർത്തിയാക്കി ഓഡിറ്റ് റിപ്പോർട്ട് സഹിതം അച്ചടിച്ച് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിലേക്ക് അയച്ചിട്ടുണ്ട്. 2006-07-ലെ വാർഷിക കണക്കിന്റെ ഓഡിറ്റ് പൂർത്തിയാക്കി ഓഡിറ്റ് റിപ്പോർട്ട് സഹിതം അച്ചടിച്ച് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

കെ.എസ്.ആർ.ടി.സി.യുടെ 2004-05-ലെ കണക്കുകൾ 10-5-2008-ന് മുൻപും 2005-06-ലേത് 31-8-2008-ന് മുമ്പും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഗവൺമെന്റ് സമിതിയെ അറിയിച്ചിട്ടുണ്ട്. 2004-05-ലെ ഓഡിറ്റ് റിപ്പോർട്ട് പോലും നിയമസഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത നടപടി സമിതിക്ക് നൽകിയ ഉറപ്പുകൾ പാലിക്കാത്തതിന്റെ ഉത്തമദൃഷ്ടാന്തമാണ്. തെളിവെടുപ്പിൽ ഈ സ്ഥാപനത്തിന്റെ 2004-05, 2005-06-ലെ കണക്കുകൾ 31-12-2008-ലും 2006-07-ലേത് 30-6-2009-ലും 2007-08-ലേത് 31-12-2009-ലും പൂർത്തീകരിച്ച് നിയമസഭയിൽ സമർപ്പിക്കുവാൻ നൽകുമെന്നാണ് ബന്ധപ്പെട്ടവർ സമിതിയെ അറിയിച്ചത്. സമിതിക്ക് നൽകിയ ഉറപ്പുപ്രകാരം തന്നെ ഓഡിറ്റ് റിപ്പോർട്ട് സമയബന്ധിതമായി പൂർത്തീകരിച്ച് നിയമസഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കുവാൻ കോർപ്പറേഷൻ സത്വരനടപടി സ്വീകരിക്കണം. കോർപ്പറേഷൻ ഇക്കാര്യത്തിൽ തുടർനടപടികൾ ശക്തിപ്പെടുത്തുന്നുണ്ടോയെന്ന് ഗവൺമെന്റ് ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

കെ.എസ്.ആർ.ടി.സിയുടെ 2004-05 മുതൽ 2007-08 വരെയുള്ള കണക്കുകൾ സമിതിക്ക് നൽകിയ ഉറപ്പ് പ്രകാരം സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2004-05, 2005-06 വർഷങ്ങളിലെ വാർഷിക കണക്ക് പൂർത്തിയാക്കുകയും ഓഡിറ്റ് റിപ്പോർട്ട് സഹിതം അച്ചടിച്ച് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി നിയമസഭാ സെക്രട്ടറിക്ക് അയച്ചു കൊടുത്തിട്ടുണ്ട്. 2006-07-ലെ വാർഷിക കണക്കുകൾ ഓഡിറ്റ് പൂർത്തിയാക്കി ഓഡിറ്റ് റിപ്പോർട്ട് സഹിതം അച്ചടിച്ച് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2007-08-ലെ വാർഷിക കണക്ക് 5-6-2010-ൽ കൂടിയ കെ.എസ്.ആർ.ടി.സി. ബോർഡ് അംഗീകരിക്കുകയും ഓഡിറ്റിനായി എ.ജി.ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2008-09-ലെ വാർഷിക കണക്ക് 31-8-2010-ന് മുൻപായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം നൽകുന്നത് കടുത്ത സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. കെ.എസ്.ആർ.ടി. സി. സ്വന്തം ഫണ്ടിൽ നിന്നുമാണ് ജീവനക്കാർക്ക് പെൻഷൻ നൽകുന്നത്. ഇത് തുടർന്നു കൊണ്ട് പോകുകയാണെങ്കിൽ അനതിവിദൂരഭാവിയിൽ ഈ സ്ഥാപനം അടച്ചുപൂട്ടേണ്ട സ്ഥിതി വിശേഷം സംജാതമാകും. ആയതിനാൽ കെ.എസ്.ആർ.ടി.സിയുടെ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുകയോ മറ്റു സംസ്ഥാനങ്ങളിൽ ചെയ്യുന്നപോലെ പെൻഷന് തുല്യമായ തുക ഗ്രാന്റായി നൽകുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

കെ.എസ്.ആർ.ടി.സി. അനുഭവിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ഉചിതവും സാധ്യവുമായ എല്ലാ സാമ്പത്തിക സഹായങ്ങളും സർക്കാർ നൽകി വരുന്നുണ്ട്.

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-12-2014-ൽ ചേർന്ന ഉന്നതതല യോഗത്തിൽ, കെ.എസ്.ആർ.ടി.സി.യിൽ ഏപ്രിൽ ഒന്ന് മുതൽ പെൻഷൻ നൽകുന്നതിന് പെൻഷൻ ഫണ്ട് രൂപീകരിക്കുവാൻ തീരുമാനിച്ചു. ഇതിനായി ഓരോ മാസവും 20 കോടി രൂപ വീതം കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിക്കുവാനും തുല്യമായ തുക നോൺ-പ്ലാൻ വിഹിതമായി സർക്കാർ നൽകുവാനും തീരുമാനിക്കുകയുണ്ടായി.

ഇതനുസരിച്ച്, പെൻഷൻ നൽകുന്നതിനായി കോർപ്പറേഷൻ എല്ലാ മാസവും 20 കോടി രൂപ ട്രഷറിയിൽ നിക്ഷേപിക്കുന്നമുറയ്ക്ക് തുല്യമായ തുക (20 കോടി രൂപയിൽ അധികരിക്കാതെ) സർക്കാർ നൽകുന്നതിന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് മേയ്, 2015 മുതൽ എല്ലാ മാസവും സർക്കാർ ഇപ്രകാരം പെൻഷൻ വിതരണത്തിന് ധനസഹായം നൽകി വരികയാണ്.

ജോസ് തെറ്റയിൽ,

*അദ്ധ്യക്ഷൻ,*

*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2015 ഡിസംബർ 8.